## (V) The Kerala Municipal Councils (Extension of Term of Office of Councillors) Bill, 1976

*Minister for Local Administration* (**Shri K. Avukaderkutty Naha**) : Sir, I introduce the Kerala Municipal Councils (Extension of Term of Office of Councillors) Bill, 1976.

**Mr. Dy. Speaker** : The Bill stands introduced.

*Minister for Local Administration* (**Shri K. Avukaderkutty Naha**): Sir, I move that the Bill may be taken into consideration.

*Minister for Home* (**Shri K. Karunakaran**) : Sir, I second it.

ശ്രീ കെ. അവുക്കാദർകുട്ടി നഹ: സർ, ഈ ബില്ലിനെ സംബന്ധിച്ച് കൂടുതലൊന്നും പറയാനില്ല. ഇത് പാസ്സാക്കി തരണമെന്നപേക്ഷിക്കുന്നു.

**Shri T. K. Krishnan**: Sir, I move that the Bill be circulated for eliciting public opinion till 31st December 1976.

സർ, ഈ മുനിസിപ്പൽ കൗൺസിലുകളുടെ കാലാവധി എത്രയോ മുൻപ് നീട്ടിയിട്ടുള്ളതാണ്. ജനങ്ങളെ സമീപിക്കാൻ ഭയപ്പെടുന്ന ഒരു ഗവൺമെൻറ് ഈ മാതിരിയുള്ള ഒരു ബിൽ കൊണ്ടുവരുന്നതിൽ അതിശയോക്തിയില്ല. പല കൗൺസിലുകളും കാലാവധി കഴിയാറായി. പഞ്ചായത്ത് മെമ്പർമാർ ആണെങ്കിൽ പെൻഷൻപോലും ആവശ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. മുനിസിപ്പാലിറ്റികളുടെ ഭരണം ഇന്ന് വളരെയധികം സ്തംഭനാവസ്ഥയിലാണ്. ഒരു തെരഞ്ഞെടുപ്പിനെ നേരിടുന്നതിന് അവർക്ക് എന്താണ് ഇത്രമാത്രം അറപ്പെന്ന് മനസ്സിലാക്കാൻ വിഷമമില്ല. ഈയിടെ നടന്ന സ്ക്കൂളുകളിലെയും കോളേജുകളിലെയും തെരഞ്ഞെടുപ്പുകളിൽ ഭരണകക്ഷികൾ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. മാത്രമല്ല ഈയിടെ അവരുടെ ഇടയിൽ ഉണ്ടായിട്ടുള്ള കിടമൽസരങ്ങളും ഇലക്ഷനിൽ നിന്നും അവരെ പിൻമാറാൻ പ്രേരിപ്പിക്കുന്നുണ്ട്. ഒരു ഇലക്ഷൻ നടന്നു കഴിഞ്ഞാൽ അവരുടെ ഭരണ കുത്തക പൊളിയുമെന്ന് മനസ്സിലാക്കിയതു കൊണ്ടാണ് ഇലക്ഷൻ നടത്താതെ നീട്ടി കൊണ്ടു പോകുന്നത്. ഇത് ജനാധിപത്യ വിരുദ്ധമായ ഒരു നടപടിയാണ്. അത് കേരളത്തിലെ പൗരബോധമുള്ള ജനങ്ങളോടുള്ള ഒരു വെല്ലുവിളിയാണ്. അത് ജനങ്ങളം ഒരിക്കലും പൊറുക്കുകയില്ല. ഈ ബിൽ പൊതുജനാഭിപ്രായത്തിനു വിടണമെന്ന് അഭിപ്രായപ്പെടുന്നു.

തദ്ദേശസ്വയംഭരണ മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ഈ ഗവൺമെൻറിനു ജനങ്ങളെ നേരിടാനുള്ള ഭയം കൊണ്ടാണ് തെരഞ്ഞെടുപ്പ് നീട്ടുന്നതെന്നാണ് ശ്രീമാൻ കൃഷ്ണൻ പറഞ്ഞത്. 1968-ൽ നടത്തേണ്ടിയിരുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പ് 1969 വരെ ശ്രീ. നമ്പൂതിരിപ്പാടിൻറെ കാലത്ത് നീട്ടിക്കൊണ്ട് പോയത് ജനങ്ങളെ നേരിടേണ്ട ഭയം കൊണ്ടാണെന്ന് എനിക്ക് അഭിപ്രായമില്ല. ഇന്നും ആ ഭയം കൊണ്ടല്ല നീട്ടിക്കൊണ്ട് പോകുന്നത്. ഇന്നത്തെ സാഹചര്യം ഞാൻ പലപ്രാവശ്യം ഇവിടെ പറഞ്ഞതാണ്. ഏതായാലും പ്രതിപക്ഷങ്ങളുടെ അഭിപ്രായം തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കലും നീട്ടിവയ്ക്കലുമെല്ലാം ജനാധിപത്യ വിരുദ്ധമാണെന്നാണ്. ഈ അസംബ്ലിയിൽ നമ്മളം ഇരിക്കുന്നതുതന്നെ കാലാവധി നീട്ടിയതു കൊണ്ടാണ്. ഇനിയും കാലാവധി നീട്ടുകയാണെങ്കിൽ ജനാധിപത്യ വിരുദ്ധമായ നടപടിയാണെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട പ്രതിപക്ഷങ്ങളം രാജിവച്ചുപോകരുതെന്ന് അഭ്യർത്ഥനയുണ്ട്. ഈ ബില്ല് പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The amendment moved by Shri T. K. Krishnan was put and lost.

The question that the Kerala Municipal Councils (Extension of Term of Office of Councillors) Bill, 1976 be taken into consideration, was put and carried.

The Bill was taken into consideration.

*Clause 2*

The question that Clause 2 stands part of the Bill was put and carried.

*Clause 1, Preamble and Title*

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

*Minister for Local Administration* (**Shri K. Ayukaderkutty Naha**) : Sir, I move that the Bill may be finally passed.

*Minister for Finance* (**Shri K. M. Mani**) : Sir, I second it.

The question that the Kerala Municipal Councils (Extension of Term of Office of Councillors) Bill, 1976 be finally passed was put and carried.

The Bill was finally passed.

(vi) **The Kerala Appropriation (No. 9) Bill, 1976**

*Minister for Finance* (**Shri K. M. Mani**): Sir, I introduce the Kerala Appropriation (No. 9) Bill, 1976.

**Mr. Dy. Speaker** : The Bill stands introduced.

*Minister for Finance* (**Shri K. M. Mani**) : Sir, I move that the Bill may be taken into consideration.

*Minister for Local Administration* (**Shri K. Ayukaderkutty Naha**) : Sir I second it.

ധനകാര്യമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ബില്ലിനെക്കുറിച്ച് ഈ, സന്ദർഭത്തിൽ എനിക്ക് കൂടുതലൊന്നും സംസാരിക്കാനില്ല. ഇന്നലെ ഈ സഭ ചർച്ചചെയ്ത് പാസാക്കിയ സപ്ലിമെന്ററി ഡിമാൻഡ്സിലെ തുകകൾ വിനിയോഗിക്കുന്നതിനുള്ള അനുമതി മാത്രമാണ് ആവശ്യപ്പെടുന്നത്. ഇത് അവതരിപ്പിക്കുന്നതിനിടയായ സാഹചര്യങ്ങളും അതിന്റെ പശ്ചാത്തലവും ഇന്നലെ ഇവിടെ വിവരിക്കുകയുണ്ടായി. എത്രയുംവേഗം ഈ ബില്ല് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കുഞ്ഞൻ : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇന്നലെ സപ്ലിമെന്ററി ഡിമാൻഡ്സ് അവതരിപ്പിച്ചു പ്രസംഗിച്ചതിന് മറുപടിയായി പറഞ്ഞു ഇവിടെ വ്യവസായസ്തംഭനവും കാർഷികസ്തംഭനവുമൊന്നുമില്ല, നല്ല യുഗത്തിലാണ് ഭരണം നടത്തുന്നതെന്ന്. സത്യാവസ്ഥ മറച്ചുവച്ചു കൊണ്ട് മന്ത്രിമാർ നിയമസഭയിൽ പ്രസംഗിക്കുകയെന്നുവച്ചാൽ അത് ശരിയായ ഒരു മാർഗ്ഗമല്ലെന്നാണ് എനിക്ക് പറയാനുള്ളത്. അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്ന കാലഘട്ടത്തിൽ നമ്മുടെ മന്ത്രിമാർ പറഞ്ഞു അകാരണമായി ഒരൊറ്റ വ്യവസായസ്ഥാപനംപോലും ഈ രാജ്യത്ത് പൂട്ടുകയില്ലെന്ന്. തൊഴിലാളികളുടെ ആവശ്യങ്ങൾ ഏതെങ്കിലും മുതലാളിമാർ നിഷേധിക്കുന്നപക്ഷം



LIBRARY ARCHIVES Kerala Legislative Assembly